"സ്വാതന്ത്ര്യത്തിൻ അമൃത വർഷം ഭാരതീയ തപാലേകും കരുതൽ വർഷം"

# അഭ്യർത്ഥന

പ്രിയ സഹപ്രവർത്തകരെ,

ബിസിനസ്സ് ഇടപാടുകളുടെ തോതിൽ മാത്രമല്ല സേവനത്തിന്റെ ഗുണനിലവാരത്തിലും രാജ്യത്തെ തന്നെ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന സർക്കിളുകളിൽ ഒന്നായ കേരള തപാൽ സർക്കിളിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

കോവിഡ് മഹാമാരി സമൂഹത്തിന്റെ നിലനിൽപ്പിനെയും അതിജീവനത്തെയും തന്നെ തടസ്സപ്പെടുത്തിയ കഴിഞ്ഞ 18 മാസങ്ങൾ വളരെ ബുദ്ധിമുട്ടുള്ളതായിരുന്നു. എന്നിരുന്നാലും, രാജ്യം എല്ലാ പ്രതിബന്ധങ്ങളെയും വളരെ ഫലപ്രദമായി കൈകാര്യം ചെയ്യുകയും പകർച്ചവ്യാധി ബന്ധിച്ച ചങ്ങലകൾ തകർത്തുകൊണ്ട് വീണ്ടും ഉയർന്നുവരികയും ചെയ്തു. ഈ മഹാമാരി പൊതുവിൽ രാജ്യത്തിനും, പ്രത്യേകിച്ച് വകുപ്പിനും കണ്ണ് തുറപ്പിക്കുന്ന ചില തിരിച്ചറിവുകൾ നൽകുകയുണ്ടായി. ഓരോ പൗരനേയും ഇത് ഒരു പുതിയ ജീവിതരീതി പഠിപ്പിച്ചു - ഡിജിറ്റൽ ആകുക. സർക്കാർ മേഖലയായാലും സ്വകാര്യ മേഖലയായാലും എല്ലാ സ്ഥാപനങ്ങളും ഡിജിറ്റൽ യാത്രയുടെ ഈ പുതിയ കാലഘട്ടത്തിലേക്ക് കടക്കുകയാണ്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ ഭാരതീയ തപാൽ വളരെ നിർണായകമായ പങ്ക് വഹിക്കുന്നുമുണ്ട്.

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ഭാരത സർക്കാർ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം "ആസാദി കാ അമൃത് മഹോത്സവ് (AKAM)" എന്ന പ്രമേയത്തിലൂന്നി ആഘോഷിക്കുകയാണ്. ഇത് പൗരന്മാരുടെ പങ്കാളിത്തം കേന്ദ്രീകരിച്ചുള്ള തീവ്രമായ, രാജ്യവ്യാപക പ്രചാരണമാണ്. ഈ വർഷം, ഭാരതീയ തപാൽ ഒക്ടോബർ 11 മുതൽ 17 വരെ ദേശീയ തപാൽ വാരാഘോഷങ്ങളോടൊപ്പം "ആസാദി കാ അമൃത് മഹോത്സവ് (AKAM)" ആഘോഷിക്കുകയാണ്.

സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾക്കിപ്പുറവും സുസ്ഥാപിതാചാരങ്ങളുടെ പിന്തുണയില്ലായ്മ, സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാൽ രാജ്യം സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിൽ പിന്നിലാണ്. സുകന്യ സമൃദ്ധി യോജന വൻതോതിൽ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ തപാൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണത്തിന് വഴി തെളിയിച്ചു. ഇപ്പോൾ, സാമൂഹ്യ പ്രതിബദ്ധതയുള്ള സംഘടന എന്ന നിലയിൽ എപ്പോഴും

നിലകൊള്ളുന്ന കേരള തപാൽ സർക്കിൾ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് കൂടുതൽ പ്രചാരം നൽകുന്നതിനായി "Each one Reach Two" (ഓരോരുത്തരും ഇരുവരിലേയ്ക്ക്) എന്ന സവിശേഷമായ ഒരു പ്രചാരണ പരിപാടി ആരംഭിച്ചിരിക്കുകയാണ്.

ഈ സാമൂഹിക പ്രചാരണ പരിപാടിയുടെ ലക്ഷ്യം തപാൽ ലൈഫ് ഇൻഷ്വറൻസ് (പിഎൽഐ) / ഗ്രാമീണ തപാൽ ലൈഫ് ഇൻഷ്വറൻസ് (ആർപിഎൽഐ) വഴി സ്ത്രീകളുടെ ജീവിതം ഇൻഷ്വർ ചെയ്യുകയും സുകന്യ സമൃദ്ധി യോജന (എസ്എസ്എ) / പബ്ലിക് പ്രോവിഡന്റ്ഫ ഫണ്ട് (പിപിഎഫ്) വഴി കുട്ടികളുടെ ഭാവി സുനിശ്ചിതമാക്കുക എന്നതാണ്. കേരള തപാൽ സർക്കിളിലെ ഓരോ ജീവനക്കാരനും ആസാദി കാ അമൃത് മഹോത്സവുമായി ചേർത്ത് ആഘോഷിക്കുന്ന ദേശീയ തപാൽ വാരാഘോഷത്തോടനുബന്ധിച്ച് സമൂഹത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലണമെന്നും തങ്ങളുടെ അയൽപക്കത്തെ രണ്ട് സ്ത്രീകളുടെയെങ്കിലും ജീവിതങ്ങൾ പിഎൽഐ / ആർപിഎൽഐ മുഖേനയും രണ്ട് കുട്ടികളുടെയെങ്കിലും (10 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ) ഭാവി എസ്എസ്എ / പിപിഎഫ് വഴി സുനിശ്ചിതമാണെന്ന് ഉറപ്പുവരുത്തുകയും വേണം. ആസാദി കാ അമൃത് മഹോത്സവുമായി ചേർന്ന് ആഘോഷിക്കുന്ന ദേശീയ തപാൽ വാരത്തോടനുബന്ധിച്ച് സർക്കിളിന്റെ ഈ സംരംഭം രാജ്യത്തോടും കേരള സംസ്ഥാനത്തോടുമുള്ള ബഹുമാനസൂചകമാണെന്ന് എടുത്ത് പറയേണ്ടതില്ല. നാമെല്ലാവരും ഇക്കാര്യത്തിൽ ഒരുമിച്ചാണ്.

കേരള തപാൽ സർക്കിളിലെ ഓരോ അംഗവും ഈ പ്രചാരണത്തിൽ പങ്കാളിയാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എല്ലാ ഡിവിഷണൽ ഓഫീസുകളും ഇതിനായി ആവശ്യമായ പിന്തുണ നൽകും. "പോസ്റ്റ് ഇൻഫോ" ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നത് നമ്മുടെ പദ്ധതികളുടെ പ്രയോജനങ്ങൾ പൊതുജനങ്ങൾക്ക് വിശദീകരിക്കുന്നതിൽ വലിയ തോതിൽ സഹായിക്കും. പ്രചാരണ കാലയളവ് 2021 ഒക്ടോബർ 11 മുതൽ 15 വരെ എന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഒക്ടോബർ 11, 12 തീയതികളിൽ തന്നെ സ്ത്രീകളുടെയും കുട്ടികളുടെയും പരിരക്ഷ ഉറപ്പാക്കാൻ എല്ലാവരോടും അഭ്യർത്ഥിക്കാൻ ഞാൻ എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു. ഈ ഉദ്യമം വൻവിജയമാക്കുവാൻ നമുക്കെല്ലാവർക്കും ഒരുമിച്ചിറങ്ങാം.

സ്നേഹാദരങ്ങളോടെ,

(ശൂലി ബർമൻ)
ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ